പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2745 **28-10-2026-ൽ മറുപടിയ്ക്ക്**

ഇരവിപുരം മണ്ഡലത്തിലെ തീരദേശ മേഖലകളിലെ കുടിവെള്ള ക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഇരവിപുരം നിയമസഭാ മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ ശുദ്ധജലലഭ്യതക്കുറവും കുടിവെള്ളക്ഷാമവും രൂക്ഷമായി അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. ഇരവിപുരം മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ വേനൽക്കാലത്തും കടലാക്രമണ സമയങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഇരവിപുരത്ത് 10 ലക്ഷം ലിറ്റർ ശേഷിയുള്ള ഓവർഹെഡ് സർവീസ് റിസർവോയർ (OHSR) നിർമ്മിക്കുന്നതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമാണത്തിനാവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് മണ്ണ് പരിശോധന നടത്തി, OHSR നിർമാണത്തിനുള്ള ടെൻഡർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. പഴയ എസി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നടന്നുവരുന്നുണ്ട്. കൂടാതെ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പാക്കിവരുന്നു.

(ബി) പ്രസ്തുത മേഖലകളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള പൈപ്പ്ലൈനുകളുടെ നവീകരണം, വാട്ടർ അതോറിറ്റിയുടെ പുതിയ കുടിവെള്ള പദ്ധതികൾ എന്നിവയിൽ ഏതൊക്കെയാണ് നിലവിൽ നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) വേനൽക്കാലത്തും കടലാക്രമണ സമയങ്ങളിലും തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉയർന്ന ശേഷിയുള്ള വാട്ടർ ടാങ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ഇരവിപുരം തീരദേശത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വരാനിരിക്കുന്ന പദ്ധതികളിൽ പ്രത്യേക തുക വകയിരുത്തുമോയെന്നും ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ